ഭരണഭാഷ-മാതൃഭാഷ

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ. എ.ജയിംസ് രാജ്)**

തിരുവനന്തപുരം

നമ്പർ. 225/2017/ഇ8/ഡിപി തീയതി. 02.11.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ജില്ലാ ഫാറം ഓഫീസർ - സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- അച്ചടി വകുപ്പ് ഡയറക്ടറുടെ 30.10.2020-ലെ 15297/2020/ഇ3/ഡിപി നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ പാലക്കാട് ജില്ലാ ഫാറം സ്റ്റോറിലെ കണക്ക് പരിശോധനയിൽ എം. ബുക്ക് നഷ്ടപ്പെട്ട വിഷയം ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവക്ക് ലഭിച്ചതുമായി ബന്ധപ്പെട്ടുള്ള അന്വേഷണം സുഗമമായി നടത്തുന്നതിലേയ്ക്കായി പാലക്കാട് ജില്ലാ ഫാറം സ്റ്റോറിലെ ജില്ലാ ഫാറം ഓഫീസറായ ശ്രീ.പി.വിജയകുമാറിനെ മലപ്പുറം ജില്ലാ ഫാറം സ്റ്റോറിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുവാൻ പരാമർശ പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലാ ഫാറം സ്റ്റോറിലെ ജില്ലാ ഫാറം ഓഫീസറായ ശ്രീ.പി.വിജയകുമാറിനെ മലപ്പുറം ജില്ലാ ഫാറം സ്റ്റോറിൽ ജില്ലാ ഫാറം ഓഫീസറായി സ്ഥലംമാറ്റി നിയമിച്ചും, പാലക്കാട് ജില്ലാ ഫാറം ഓഫീസറുടെ പൂർണ്ണ അധിക ചുമതല ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ.റ്റി.വീരാന് നൽകി കൊണ്ടും ഉത്തരവാകുന്നു.

സ്ഥലംമാറ്റപ്പെട്ട ജീവനക്കാരന് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരന് ചേരുംകാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുള്ള പക്ഷം യാത്രാബത്തയ്ക്കുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, മലപ്പുറം./സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഷൊർണ്ണൂർ.
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ ഫാറം കൺട്രോളർ./സീനിയർ സൂപ്രണ്ട്./ പബ്ലിക്കേഷൻ അസിസ്റ്റന്റ്./ജൂനിയർ സൂപ്രണ്ട്.ഇ II., ഫാറം, പബ്ലിക്കേഷൻ. /പബ്ലിക്കേഷൻ സ്റ്റോർ കീപ്പർ./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.